# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3426** **10.12.2018-ൽ മറുപടിയ്ക്ക്**

## കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തീരദേശ വികസനം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 17 റോഡുകൾക്കായി 710.4 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്. റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ; | | |
| സി) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടോ; | സി) | 2018 ആഗസ്റ്റിലെ പ്രളയക്കെടുതിയെ തുടർന്ന് ഹാർബറിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കുന്നതിനും സ്ലൂക്ക്ച്ചേഴ്സിനുണ്ടായ അറ്റകുറ്റപ്പണികൾക്കും, തീരദേശ റോഡുകളുടെ പുനർനിർമ്മാണത്തിനുമായി 252.65 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. തുടർന്ന് വിവിധ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററിലുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനുമായി ബ്ലൂ റവല്യൂഷനിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായം ലഭ്യമാകുന്നതിനായി **188.55** കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

| | |
|---|---|
| 1 | മൂന്നാംമൂട് - മരുതൂർകുളങ്ങര മുസ്ലീം പള്ളി റോഡ് (കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി) |
| 2 | കായിക്കാട്ട് മുക്ക് - ചൂളൂരേത്ത് മുക്ക് റോഡ് (കരുനാഗപ്പള്ളി നഗരസഭയിൽ 35- ാം ഡിവിഷൻ) |
| 3 | മാങ്ങാട്ടേത്ത് ജംഗ്ഷൻ - മാവിലശ്ശേരി റോഡ് (കരുനാഗപ്പള്ളി നഗരസഭയിലെ 22-ാം ഡിവിഷൻ) |
| 4 | പടന്നയിൽ മുക്ക് - കൊന്നത്തേരിൽ മുക്ക് റോഡ് (ക്ലാപ്പന പഞ്ചായത്ത്) |
| 5 | പിണറുംമൂട്ടിൽ - ഇളാശ്ശേരി റോഡ് (ക്ലാപ്പന പഞ്ചായത്ത്) |

ഡി) കായംകുളം ഫിഷിംഗ് ഹാർബറിലെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഡി) കായംകുളം ഫിഷിംഗ് ഹാർബറിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ 30 ടൺ ബ്ലോക്ക് ഐസ് പ്ലാന്റ്, 10 ടൺ ഐസ് സ്റ്റോർ റൂം, 10 ടൺ ചിൽഡ് റൂം എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി – **269.50** ലക്ഷം
2. കായംകുളം അഴീക്കൽ 40 ടൺ ഐസ് പ്ലാന്റിന്റെ ജനറേറ്റർ ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ടെമ്പററി ഷെഡിന്റെ നിർമ്മാണം – **269.50** ലക്ഷം
3. കായംകുളം ഫിഷിംഗ് ഹാർബർ മെയിന്റനൻസ് ഡ്രഡ്ജിംഗ് – **130.00** ലക്ഷം
4. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിലെ അഡീഷണൽ ഡ്രഡ്ജിംഗ് – **50.00** ലക്ഷം

കൂടാതെ ഹാർബറിലെ മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായിട്ടുള്ള റോഡ്, യാർഡിന്റെ മെയിന്റനൻസ്, ബിൽഡിംഗ് മെയിന്റനൻസ് പ്രവൃത്തികൾക്കായി 50.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പുലിമുട്ട് നിർമ്മാണത്തിന് 272 ലക്ഷം രൂപയുടെ പദ്ധതിക്ക് KIIFB യിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ചുവടെ പറയുന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം. | റോഡിന്റെ പേര് | തുക (ലക്ഷത്തിൽ) | അവസ്ഥ |
|---|---|---|---|
| | 2016-17 | | |
| 1 | ആയിരം തെങ്ങ് ഫിഷ് ഫാം റോഡ് | 51.10 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | മണലാടി മുക്ക് - മുണ്ടക്കോട്ട് മുക്ക് റോഡ് | 62.60 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കുലശേഖരപുരം പഞ്ചായത്തിലെ താമര ജംഗ്ഷൻ മുതൽ കുറുങ്ങാട്ട് ജംഗ്ഷൻ വരെയുള്ള റോഡ് | 37.60 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | വാഴയത്ത് സുനാമി കോളനി മുതൽ പന്നിശ്ശേരി മുക്ക് വരെയുള്ള റോഡ് | 21.00 | കരാർ വച്ചു പ്രവൃത്തി ഉടൻ ആരംഭിക്കുന്ന താണ്. |
| | 2017-18 | | |
| 1 | കുലശേഖരപുരം പഞ്ചായത്തിലെ നട്ടന്നൂർ ജംഗ്ഷൻ മുതൽ മാമന്നൂർക്കം ജംഗ്ഷൻ വരെയുള്ള റോഡ് ടാറിംഗ് | 18.90 | കരാറിൽ ഏർപ്പെടുകയും പ്രാഥമിക ലവൽ എടുത്തിട്ടുമുണ്ട്, പ്രവൃത്തി ഉടൻ ആരംഭിക്കുന്ന താണ്. |
| 2 | ക്ലാപ്പന പഞ്ചായത്തിലെ വാർഡ് നം.15 ലെ കുന്നികുളം ധർമ്മശ്ശേരിക്കടവ് റോഡ് സൈഡ് വാൾ നിർമ്മാണം | 70.20 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| 3 | മൈനാഗപ്പള്ളി പഞ്ചായത്ത് വയലിക്കട കോട്ടൂർ മുക്ക് വഴി കൃഷി ഭവൻ റോഡിന്റെയും ഡ്രെയിനിന്റെയും നിർമ്മാണം | 85.50 | സൈറ്റ് കൈമാറി പണി ആരംഭിക്കുന്ന വേളയിൽ പാടത്തിന്റെ ഭാഗമായതി നാൽ റോഡ് അലൈൻ മെന്റ് താഴ്ന്ന പോകുന്നത് കാരണം റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 4 | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി 25 വാർഡിലെ ഫിഷറീസ് സ്കൂൾ വായനശാല ജംഗ്ഷൻ പീഠിക മുക്ക് റോഡ് | 16.10 | സൈറ്റ് കൈമാറിയിട്ടുണ്ട്, പ്രവൃത്തി ഉടൻ ആരംഭിക്കുന്ന താണ്. |
| 5 | തഴവ പഞ്ചായത്തിലെ അമരിത്തറ മുക്ക് വലിയ വീട്ടിൽ ക്ഷേത്രം റോഡ് | 41.40 | സൈറ്റ് കൈമാറിയിട്ടുണ്ട്, പ്രവൃത്തി ഉടൻ ആരംഭിക്കുന്ന താണ്. |

| | | | |
|---|---|---|---|
| 6 | ആലപ്പാട് പഞ്ചായത്ത് മുക്കുമ്പുഴ മീനുട്ടുക്കടവ് ഗവ. എൽ.പി.സ്കൂൾ റോഡ് | 83.10 | സാങ്കേതികാനുമതി എസ്റ്റിമേറ്റിന് സ്ഥല ലഭ്യത പഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല. |
| | **2018-19** | | |
| 1 | കാട്ടിൽക്കടവ് കാക്കത്തുരുത്ത് റോഡ് ടാറിംഗ് | 24.40 | കരാർ വച്ച് സൈറ്റ് കൈമാറിയിട്ടുണ്ട്, പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 2 | വെട്ടത്ത് മുക്ക് - ചെമ്പകശ്ശേരി റോഡ് | 15.60 | ടെൻഡർ ചെയ്തു. |
| 3 | കൊട്ടറപ്പാടം മിൽമ ജംഗ്ഷൻ റോഡ് | 32.80 | കരാർ വച്ച് സൈറ്റ് കൈമാറിയിട്ടുണ്ട്, പ്രവൃത്തി ഉടൻ ആരംഭിക്കുന്ന താണ്. |
| 4 | വരമ്പേൽമുക്ക് തഴത്തോട് പാലം വരെയുള്ള റോഡ് | 27.80 | കരാർ വച്ച് സൈറ്റ് കൈമാറിയിട്ടുണ്ട്, പ്രവൃത്തി ഉടൻ ആരംഭിക്കുന്ന താണ്. |
| 5 | വാഴയത്ത് ജംഗ്ഷൻ പള്ളിക്കൽ കുളം വെടിത്തറ ജംഗ്ഷൻ റോഡ് | 43.50 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 6 | കുലശേഖരപുരം പഞ്ചായത്തിലെ പള്ളിമുക്ക് - പട്ടത്തിമുക്ക് റോഡ് | 54.10 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു. |
| 7 | ഇടക്കോട്ട് ജംഗ്ഷൻ മുതൽ പഴവൂർ വീട് റോഡ് | 24.70 | സാങ്കേതികാനുമതി നൽകി. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**